Draft #3 of File 71118/AC A10-4/2025/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Mar-2026 03:45 PM - Page 1

Graded as Category 1 Autonomous University By UGC
Mahatma Gandhi University

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവകലാശാല, കേരളം

**സംഗ്രഹം**

പി എച്ച് ഡി പ്രോഗ്രാം - കോഴ്സ് വർക്ക് ഹൈബ്രിഡ് മോഡിൽ പൂർത്തിയാക്കുന്നത് സംബന്ധിച്ച സർവ്വകലാശാല ഉത്തരവ് നമ്പർ 6774/AC A10/2025/MGU, തീയതി 25.07.2025 പ്രകാരം രൂപീകരിക്കപ്പെട്ട കമ്മറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 2624/AC A 10/2026/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 12.03.2026

---

*പരാമർശം:*-26.06.2026 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 79/26.02/71118/AC A10-4/2025

**ഉത്തരവ്**

ഗവേഷക വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് ഹൈബ്രിഡ് മോഡിൽ പൂർത്തിയാക്കുന്നതിന് എല്ലാ ഗവേഷണ കേന്ദ്രങ്ങൾക്കും നിർദേശം നൽകുന്നതിന് Standard Operating Procedure (SOP) തയ്യാറാക്കി സമർപ്പിയ്ക്കുന്നതിനായി സർവകലാശാല ഉത്തരവ് നമ്പർ 6774/AC A10/2025/MGU തീയതി 25.07.2025 പ്രകാരം രൂപീകൃതമായ സിൻഡിക്കേറ്റ് സമിതി സമർപ്പിച്ച താഴെ പറയുന്ന നിർദേശങ്ങൾ അംഗീകരിക്കുന്നതിന് 26.02.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (1) മിനുട്സ് പ്രകാരം തീരുമാനിച്ചു.

1. പാർട്ട് ടൈം ഗവേഷക വിദ്യാർത്ഥികൾക്ക് കോഴ്സ് വർക്കിന്റെ ആദ്യത്തെ മൂന്നു മാസം (ഏപ്രിൽ - ജൂൺ) ഓഫ് ലൈൻ ആയും രണ്ടാമത്തെ മൂന്നു മാസം (ജൂലൈ - സെപ്റ്റംബർ ) ഹൈബ്രിഡ് / ബ്ലെൻഡഡ് മോഡിലും പൂർത്തിയാക്കാവുന്നതാണ്. ഇതിൽ 75% അറ്റന്റൻസ് നിർബന്ധമാണ്. ഹൈബ്രിഡ് മോഡ് അനുവദനീയമായ 3 മാസ കാലയളവിൽ 15 ദിവസമെങ്കിലും റിസേർച് സെന്ററിൽ ഹാജരാകേണ്ടതാണ്.
2. എല്ലാ റിസേർച് സെന്ററുകളും LMS പ്ലാറ്റ്ഫോം സൗകര്യം ഉറപ്പു വരുത്തേണ്ടതാണ്. ഇതിൽ എല്ലാ ഗവേഷക വിദ്യാർത്ഥികളും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. റെക്കോർഡ് ക്ലാസ്സുകളും LMS പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്താവുന്നതാണ്.
3. LMS കോ-ഓർഡിനേറ്റ് ചെയ്യേണ്ടത് റിസേർച് കോ-ഓർഡിനേറ്റർ ആണ്. എന്നാൽ അറ്റന്റൻസ് നിലവിലുള്ള രീതി തുടർന്ന് വന്നാൽ മതിയാകും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ് *

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്-ചാൻസലറുടെ പി. എസ്. / റിസേർച് ഡയറക്ടർ
2. രജിസ്ട്രാറുടെ / പരീക്ഷാ കൺട്രോളറുടെ പി. എ. മാർ
3. ഡോ. സെനോ ജോസ് / ഡോ. ബാബു മൈക്കിൾ, സിൻഡിക്കേറ്റ് അംഗങ്ങൾ
4. എല്ലാ സർവകലാശാലാ പഠന വകുപ്പുകൾ/സ്കൂളുകൾ/സെന്ററുകൾ എന്നിവയുടെ ഡയറക്ടർമാർ
5. എല്ലാ ഗവേഷണ കേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽ/ഗവേഷണ കേന്ദ്ര മേധാവിമാർ
6. റെക്കോർഡ്സ് / എ.സി.സി. 1/ പി.ആർ.ഓ. / ഐ.ടി. സെൽ സെക്ഷനുകൾ
7. AR IV (Acad), DR I (Acad ), JR II (Admn)
8. Ac A II, VI, XI, XIII, XIV, XV സെക്ഷനുകൾ
9. സ്റ്റോക്ക് ഫയൽ / ഫയൽ നം. 71118/ACA10-4/2025/ACC1

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 71118/AC A10-4/2025/ACC1 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Mar-2026 03:45 PM - Page 2

The document is digitally approved. Hence signature is not needed.